# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 614 10/06/2014 - ൽ മറുപടിയ്ക്ക്**

**കൈത്താങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി. റ്റി. ബൽറാം | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | കൈത്താങ്ങ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) & (സി) | 15.10.2013 ലെ സ. ഉ.(എം.എസ്) നം.82/13/ പജപവവിവ പ്രകാരം കൈത്താങ്ങ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | അനാഥരായ ആദിവാസിക്കുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ പദ്ധതി അനുസരിച്ച് പ്രതിമാസം 1000/- രൂപ രക്ഷിതാവിന്റെ (സംരക്ഷകന്റെ) ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്തു വരുന്നത്. കുട്ടികൾ വളർന്ന് സ്വയം തൊഴിൽ കണ്ടെത്തുന്നത് വരെയോ 18 വയസ്സു പൂർത്തിയാകുന്നതുവരെയോ ഇത്തരത്തിൽ സഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - അനാഥരായ പട്ടിക വർഗ്ഗ കുട്ടികളുടെ സംരക്ഷണം -''കൈത്താങ്ങ്'' എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടിക ജാതി / പട്ടിക വർഗ്ഗ വികസന (പി. എം) വകുപ്പ്

സ.ഉ.( എം.എസ്)നമ്പർ.82/2013/പജപവവിവ. തിരുവനന്തപുരം, തീയതി.15.10.2013

---

പരാമർശം:- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 23.06.2013 ലെ സി 3-7622/13 നം.കത്ത്.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ അനാഥരായ പട്ടിക വർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്നതിന് - ''കൈത്താങ്ങ്'' എന്ന പദ്ധതിയ്ക്ക് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇത്തരം കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തികവർഷത്തെ 2225-02-277-40(4) (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ടി പദ്ധതി നടപ്പിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശ കത്തു പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയായ '' അനാഥരായ പട്ടികവർഗ്ഗ കുട്ടികൾക്ക് കൈത്താങ്ങ് '' എന്ന പദ്ധതിയ്ക്ക് താഴെപ്പറയുന്ന നിബന്ധനകളോടെ നടപ്പു സാമ്പത്തിക വർഷത്തെ 2225 -02-277-40(4) (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

1) പട്ടികവർഗ്ഗത്തിൽപ്പെട്ടവരും, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികൾ/ മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും ജീവിച്ചിരിക്കുന്നയാൾ മാനസിക രോഗിയും ആയിട്ടുള്ളവരുടെ കുട്ടികൾ/ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയും മറ്റേയാൾ തളർവാതമോ, ക്യാൻസർ, ടി.ബി, തുടങ്ങിയ ഗുരുതരമായ അസുഖങ്ങൾ മൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്തവരോ ആണെങ്കിൽ അവരുടെ കുട്ടികൾ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

2) കുട്ടികൾ ആരുടെ സംരക്ഷണയിലാണോ കഴിഞ്ഞു വരുന്നത് അവർക്കാണ് ധന സഹായം അനുവദിക്കുന്നത്. ആയതിന് കുട്ടികൾ ആരുടെ സംരക്ഷണയിലാണെന്ന് സ്ഥലം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

3) ഗുണഭോക്താവിന്റെ രക്ഷിതാവ് വകുപ്പ് നിർദ്ദേശിക്കുന്ന അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4) ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നവരുടെ രക്ഷിതാക്കളിൽ ആരുടെ പേർക്കാണോ പണം അനുവദിക്കേണ്ടത് അവരുടെ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് നമ്പർ സഹിതമുള്ള ലിസ്റ്റ് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

5) തുകമാറി ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന ചുമതല ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് ആയിരിക്കും.

6) കുട്ടികൾ വളർന്ന് സ്വയം തൊഴിൽ കണ്ടെത്തുന്നതു വരെയോ, 18 വയസ്സുവരെയോ മാത്രമേ ഈ തുക അനുവദിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽസെക്ടർ)
കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂസെക്ടർ)
കേരളം, തിരുവനന്തപുരം
ട്രൈബൽ ഡവലപ്പ്മെന്റ്/പ്രോജക്ട് ഓഫീസർ/ഐ.റ്റി.ഡി.പി.
(പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ മുഖേന)
ജില്ലാ കളക്ടർ,
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ഐ&പി.ആർ.ഡി,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ